"ഭരണഭാഷ മാതൃഭാഷ"

**നമ്പർ.എം.4/521858/2022/ഡിജിഇ.**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 08.06.2022.
e-mail : supdtm.dge@kerala.gov.in

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം-വിദ്യാലയങ്ങളിൽ പകർച്ചവ്യാധി ബോധവൽക്കരണത്തിന്റെ ഭാഗമായി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്-സംബന്ധിച്ച്.

സൂചന:- 04/06/2022 തീയതിയിലെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ CA 97/2022/ആ.വ.ഡ.നമ്പർ കത്ത്.

മഴക്കാലം പകർച്ചവ്യാധികളുടെ കൂടെ കാലമാണ്. അതിനാൽ തന്നെ പരിസര ശുചിത്വവും, വ്യക്തിശുചിത്വവും, ആഹാര ശുചിത്വവും, ഉറപ്പു വരുത്തി പകർച്ചവ്യാധികൾ പടർന്നു പിടിക്കാനുള്ള സാഹചര്യം ഒഴിവാക്കേണ്ടത്. നമ്മുടെ ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്. എല്ലാ ആഴ്ചയും വിദ്യാർത്ഥികൾ ആരോഗ്യ ബോധവൽക്കരണ പ്രതിജ്ഞയെടുത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നത് സ്വന്തം ആരോഗ്യവും നാടിന്റെ ആരോഗ്യവും സംരക്ഷിക്കുന്നതിൽ വിദ്യാർത്ഥികളെ പ്രതിജ്ഞാബദ്ധരാക്കുവാൻ സഹായിക്കും. വിദ്യാർത്ഥികൾക്ക് ആരോഗ്യബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾ വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ടതാണ്.

- ★ എല്ലാ വെള്ളിയാഴ്ചയും ഡ്രൈ ഡേ ആയി ആചരിക്കേണ്ടതാണ്.
- ★ ഭക്ഷ്യ വിഷബാധയൊഴിവാക്കുന്നതിനായി ജലശുചിത്വം, ഭക്ഷണശുചിത്വം എന്നിവ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ★ എല്ലാ ആഴ്ചയും വിദ്യാർത്ഥികൾ ആരോഗ്യ ബോധവൽക്കരണ പ്രതിജ്ഞയെടുക്കേണ്ടതാണ്. ഈ ആഴ്ച കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രതിജ്ഞയാണ് എടുക്കേണ്ടത്. പ്രതിജ്ഞ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർ.**

പകർപ്പ്:-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3) എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (എച്ച്.എസ്.ഇ)
4) എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ).
5) എല്ലാ പ്രധാന അദ്ധ്യാപകർക്കും
   (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

എ.എസ്.

# പ്രതിജ്ഞ

കൊവിഡ് മഹാമാരി പ്രതിരോധിക്കുന്നതിനായി ഞാൻ കൈകൾ ഇടയ്ക്കിടെ സോപ്പുപയോഗിച്ച് കഴുകി വൃത്തിയാക്കുകയും വായും മൂക്കും മൂടക്കത്തവിധം മാസ്ക് ധരിക്കുകയും ചെയ്യും.

നനഞ്ഞതോ കേടായതോ ആയ മാസ്ക് ധരിക്കുകയോ യാത്രകളിലും സ്കൂളിലും മാസ്ക് താഴ്ത്തി സംസാരിക്കുകയോ ചെയ്യില്ല.

കൈകൾ വൃത്തിയാക്കാതെ കണ്ണ്, മൂക്ക്, വായ എന്നിവിടങ്ങളിൽ സ്പർശിക്കുകയില്ല.

സ്കൂളിൽ കൂട്ടംകൂടിയിരുന്ന് ഭക്ഷണം കഴിക്കില്ല.

സ്കൂളിൽ നിന്നും വീട്ടിലെത്തി കുളിച്ച് പുതിയ വസ്ത്രങ്ങൾ ധരിച്ചതിനുശേഷം മാത്രമേ പ്രായാധിക്യം ചെന്നവരോ കിടപ്പുരോഗികളോ ആയവരുമായി ഇടപഴകുകയുള്ളൂ.

പനി,ചുമ,ജലദോഷം,മൂക്കൊലിപ്പ്,തൊണ്ടവേദന തുടങ്ങിയ രോഗലക്ഷണങ്ങളുണ്ടെങ്കിലോ കൊവിഡ് ബാധിച്ച ആരെങ്കിലും വീട്ടിലുണ്ടെങ്കിലോ സ്കൂളിൽ വരികയില്ല.

കൊവിഡ് പ്രതിരോധത്തിൽ ഞാൻ എന്റെ ഉത്തരവാദിത്തം നിറവേറ്റുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

പ്രതിജ്ഞ...
പ്രതിജ്ഞ...
പ്രതിജ്ഞ...